(ബി) കേന്ദ്ര ചിട്ടി നിയമം (ചിട്ടി ഫണ്ട് ആക്ട്, 1982) പ്രകാരം ട്രഷറിയിൽ 749 കോടി രൂപയുടെ ചിട്ടി സെക്യൂരിറ്റി നിക്ഷേപം നടത്തിയിട്ടുണ്ട്. ഈ നിക്ഷേപങ്ങൾ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് ചിട്ട്സിന്റെ പേരിലാണ് നടത്തിയിട്ടുള്ളത്.

(സി-ഇ) കേന്ദ്ര ചിട്ടി നിയമം അനുസരിച്ച് ചിട്ടി സെക്യൂരിറ്റി നിക്ഷേപങ്ങൾ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് ചിട്ട്സിന്റെ പേരിലാണ് നടത്തേണ്ടത്. ഇപ്രകാരം നടത്തുന്ന ചിട്ടി സെക്യൂരിറ്റി നിക്ഷേപങ്ങൾ പലിശ സഹിതം ചിട്ടിവട്ടമെത്തുമ്പോൾ മാത്രമേ പിൻവലിക്കാനാവൂ. അതിനാൽ ഇത്തരം നിക്ഷേപത്തിന്മേലുള്ള പ്രതിമാസ പലിശ പിൻവലിക്കാനാവില്ല. കേന്ദ്ര ചിട്ടി നിയമം കെ.എസ്.എഫ്.ഇ.-ക്കും സ്വകാര്യ ചിട്ടി സ്ഥാപനങ്ങൾക്കും ഒരുപോലെ ബാധകമാണ്.

(എഫ്) പുതിയ ചിട്ടി ആക്ട് വരുന്നതിന് മുമ്പ് ചിട്ടി സെക്യൂരിറ്റി നിക്ഷേപം കെ.എസ്.എഫ്.ഇ.യുടെ പേരിൽ നിക്ഷേപിച്ച് അസിസ്റ്റന്റ് രജിസ്ട്രാറുടെ പേരിൽ ബാധ്യത (ലീൻ) രേഖപ്പെടുത്തുകയാണ് ചെയ്തിരുന്നത്. 2011-12 സാമ്പത്തിക വർഷം പുതിയ ചിട്ടി ആക്ട് വരുന്നതിനുമുമ്പുള്ള ചിട്ടി സെക്യൂരിറ്റി ഡെപ്പോസിറ്റിന് കമ്പനിക്ക് ലഭിച്ച പലിശ 75.37 കോടി രൂപയാണ്. (പ്രതിമാസ പലിശ ശരാശരി 6.28 കോടി രൂപ)

(ജി) പുതിയ ചിട്ടി നിയമം കെ.എസ്.എഫ്.ഇ.-ക്ക് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടില്ല.

കെ.എസ്.എഫ്.ഇ.യിലെ ഒഴിവുള്ള തസ്തികകളിലെ നിയമനം

150 (7986) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്. എഫ്.ഇ.-യിലെ ഓഫീസ് അറ്റൻഡന്റുമാരുടെ പ്രൊമോഷൻ അനുപാതം 5%ത്തിൽ നിന്നും 10% ആയി ഉയർത്തിയ സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിലുള്ള സാങ്കേതിക ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2013 ജനുവരി മാസം മുതൽ 2014 മേയ് മാസം വരെയുള്ള ബിസിനസ്സ് റിവ്യൂ അനുസരിച്ചും ഇക്കാലയളവിൽ തുടങ്ങിയ പുതിയ ബ്രാഞ്ച് ഓഫീസുകളിലും അസിസ്റ്റന്റുമാരുടെ അസിസ്റ്റന്റ്-മാനേജർ പ്രൊമോഷൻ വഴിയും, ഇക്കാലയളവിലെ ഉദ്യോഗസ്ഥരുടെ വിരമിക്കൽ വഴിയും എത്ര ജൂനിയർ അസിസ്റ്റന്റ്മാരുടെ ഒഴിവുകൾ ഉണ്ടായിട്ടുണ്ട് ; ഇവ തരംതിരിച്ച് വ്യക്തമാക്കാമോ ; ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) 2014 ഡിസംബർ വരെ ഉണ്ടാകാനിടയുള്ള എല്ലാത്തരം ഒഴിവുകളും പി.എസ്.സി.-യെ അറിയിക്കണമെന്ന സർക്കാർ ഉത്തരവ് (10885 ഉപ.സി. 3/13/ഉ.ഭ.പ.വ) അനുസരിച്ച് ഈ കാലയളവിനുള്ളിൽ ഉണ്ടാകാനിടയുള്ള മുഴുവൻ ഒഴിവുകളും പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ഡി) കെ.എസ്.എഫ്.ഇ.-യിലെ ഓഫീസ് അസിസ്റ്റന്റ്മാരുടെ പ്രൊമോഷന് അധികയോഗ്യതയായി പറഞ്ഞിട്ടുള്ള കമ്പ്യൂട്ടർ യോഗ്യത ഒഴിവാക്കണമെന്ന് കെ.എസ്.എഫ്.ഇ. ഡയറക്ടർ ബോർഡ് 2014 മേയ് മാസത്തിൽ പാസ്സാക്കിയ പ്രമേയം സർക്കാർ അംഗീകരിച്ച് 10% പ്രൊമോഷൻ ജി.ഒ.(എംഎസ്.) 162/13/ധന.ഡി. (തീയതി 24-9-2013) എന്ന ഉത്തരവ് ഇറങ്ങിയതു മുതൽ അതിന് പ്രാബല്യം നൽകി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഇ) 2015 മാർച്ച് മാസം വരെ കെ.എസ്. എഫ്.ഇ.-യിൽ ജൂനിയർ അസിസ്റ്റന്റ്മാരുടെ എത്ര പ്രതീക്ഷിത ഒഴിവുകൾ ഉണ്ട് ; ഇത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ; ഇതിലൂടെ ഉണ്ടാകാനിടയുള്ള തസ്തികമാറ്റ പ്രൊമോഷൻ എത്രയും വേഗം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ-ലെ ഓഫീസ് അറ്റൻഡന്റുമാരുടെ പ്രൊമോഷൻ അനുപാതം അഞ്ച് ശതമാനത്തിൽനിന്നും പത്ത് ശതമാനമായി ഉയർത്തിയത്, അധിക വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള സ്പെഷ്യൽ റൂൾ ഭേദഗതിക്ക് വിധേയമായിട്ടാണ്. എന്നാൽ അധിക യോഗ്യത ഉൾപ്പെടുത്തി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ഈ ഉത്തരവ് പ്രാബല്യത്തിൽ വന്നിട്ടില്ല. ഓഫീസ് അറ്റൻഡന്റുമാരുടെ പ്രൊമോഷൻ അനുപാതം 5 ശതമാനത്തിൽ നിന്നും 10 ശതമാനമായി ഉയർത്തിക്കൊണ്ടുള്ള ഉത്തരവിന്റെ ആനുകൂല്യം നിലവിലുള്ള റാങ്ക് ലിസ്റ്റിൽപ്പെട്ടവർക്കുകൂടി ബാധകമാക്കുന്ന വിഷയം കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു.

(ബി) കെ.എസ്.എഫ്.ഇ.-ലെ അസിസ്റ്റന്റ് തസ്തികയിൽ ആവശ്യമുള്ളവരുടെ എണ്ണം പുനരവലോകനം ചെയ്യുന്നത് വർഷത്തിൽ രണ്ട് തവണയാണ്. (മാർച്ച് 31 & സെപ്റ്റംബർ 30). 2014 മാർച്ച് മാസത്തെ ബിസിനസ്സ് റിവ്യൂ അനുസരിച്ച് കെ.എസ്.എഫ്.ഇ.-യിൽ 953 ജൂനിയർ അസിസ്റ്റന്റുമാരുടെ ഒഴിവുകളുണ്ട്. ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 125 ഒഴിവുകൾ പ്രൊമോഷൻ വഴിയും 113 ഒഴിവുകൾ വിരമിക്കൽ വഴിയും ഉണ്ടായതാണ്.

(സി) ഉണ്ട്. 1-4-2014 മുതൽ 31-12-2014 വരെയുള്ള കാലയളവിലെ പ്രതീക്ഷിത ഒഴിവുകൾ 65 എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഓഫീസ് അറ്റൻഡന്റുമാരുടെ പ്രൊമോഷൻ അനുപാതം 5 ശതമാനത്തിൽ നിന്നും 10 ശതമാനമായി ഉയർത്തിക്കൊണ്ടുള്ള ഉത്തരവിന്റെ ആനുകൂല്യം നിലവിലുള്ള റാങ്ക് ലിസ്റ്റിൽപ്പെട്ടവർക്കുകൂടി ബാധകമാക്കുന്ന വിഷയം കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു.

(ഇ) 1-1-2015 മുതൽ 31-3-2015 വരെ അസിസ്റ്റന്റ് തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ 9 ആണ്. പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 31-3-2015-ലെ റിവ്യൂവിനുശേഷം ഒഴിവുകൾ തിട്ടപ്പെടുത്തി, ഓഫീസ് അറ്റൻഡന്റുമാരുടെ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനത്തിന് അനുവദനീയമായ നിശ്ചിത അനുപാതത്തിലുള്ള ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് പ്രൊമോഷൻ നൽകുന്നതാണ്.

നിയമ പരിഷ്കരണം

151 (7987) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിലവിലുള്ള നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കേണ്ടതാണ് എന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം നിയമങ്ങൾ എന്ന് പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) അതിനായുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ നിയമങ്ങൾ മലയാളത്തിലാക്കുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ ;

(ഇ) കോടതി നടപടികൾ മാതൃഭാഷയിലാക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കുമോ ; അതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ?

LIBRARY ARCHIVES Kerala Legislative Assembly